കേരള നിയമസഭാ നടപടികൾ
പത്താം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം
2000 ഫെബ്രുവരി 29, ചൊവ്വ

വാല്യം 110] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ : 8

നിയമസഭ 2000 ഫെബ്രുവരി മാസം 29 -ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30 ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. വിജയകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ , ഓർഡർ ..... ചോദ്യം നമ്പർ 181, 189.

ഉന്നതവിദ്യാഭ്യാസത്തിന് പിന്നോക്കവിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യങ്ങൾ

1 (*181) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ജെ. ജോയി :
ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകാനായി ഏതെങ്കിലും തരത്തിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) ഇപ്രകാരമുള്ള ഏതെങ്കിലും പദ്ധതിക്കായി കേന്ദ്രഗവൺമെന്റ് തുക വകയിരുത്തിയിരുന്നോ; എങ്കിൽ എന്തു തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതിൻപ്രകാരം സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ;

(സി) ഇപ്പോൾ പട്ടികവിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതു പോലുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പിന്നോക്ക വിഭാഗ വിദ്യാർത്ഥികൾക്കും ഉന്നത വിദ്യാഭ്യാസത്തിന് നൽകാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) : സർ,

(എ) ഇല്ല

(ബി) ഒ.ബി.സി. ക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് സ്കീം കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിരുന്നു. ഇതുൾപ്പെടെ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് എല്ലാ സംസ്ഥാനങ്ങൾക്കും കൂടി 47.35 കോടി രൂപ മാത്രമാണ് കേന്ദ്രം വകയിരുത്തിയിട്ടുള്ളത്. കേന്ദ്ര സഹായത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചുവെങ്കിലും ഇതുവരെ സഹായമൊന്നും കിട്ടിയിട്ടില്ല.

(സി) ഫീസാനുകൂല്യം , ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ തന്നെ പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കുനൽകി വരുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുകയാണെങ്കിൽ കൂടുതൽ ആനുകൂല്യം നൽകുന്നതാണ്.

പിന്നോക്ക വിഭാഗത്തിലെ വിദ്യാർത്ഥികളുടെ പഠനത്തിന് സഹായം

2 (*189) ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികളുടെ പഠനത്തിനും മറ്റുമായി പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പു മുഖാന്തിരം എന്തെല്ലാം സഹായങ്ങൾ നൽകി വരുന്നുണ്ട് ;

(ബി) ഉന്നത പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നു ;

(സി) ഇതിനായി പ്രതിവർഷം എത്ര തുക ചെലവഴിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

പിന്നോക്ക-പട്ടിക സമുദായ ക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ&ബി) : പിന്നോക്ക വിഭാഗക്ഷേമ വകുപ്പിന്റെ പ്രവർത്തനം നടത്തിയിട്ടില്ല. ഇപ്പോൾ പട്ടികജാതി വികസന വകുപ്പ് മുഖാന്തിരമാണ് പിന്നോക്ക വിഭാഗക്ഷേമ പ്രവർത്തനങ്ങൾ നടന്നുവരുന്നത്. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊഫഷണൽ , ഡിഗ്രി, ഡിപ്ലോമ, പോസ്റ്റ് ഗ്രാഡുവേറ്റ് കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഫീസാനുകൂല്യവും, ലംപ്സംഗ്രാന്റും സ്റ്റൈപന്റും നൽകിയിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly